വിഴിഞ്ഞം തുറമുഖ പദ്ധതി

235 (212) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ നിർമ്മാണ നിർവ്വഹണ മേൽനോട്ടത്തിനായി ഒരു സ്വതന്ത്ര ഏജൻസിയെ നിയോഗിക്കുമെന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; വ്യവസ്ഥ വിശദമാക്കാമോ;

(ബി) സർക്കാർ നിയോഗിച്ച സ്വതന്ത്ര ഏജൻസി ഏതാണെന്നും, അതിന്റെ പ്രവർത്തനം ആരംഭിച്ചത് എപ്പോഴാണെന്നും, ഏജൻസിക്ക് ഫീസ് നൽകുന്നത് ആരാണെന്നും, സ്വതന്ത്ര ഏജൻസിയെ കണ്ടെത്തിയത് ഏത് നിലയിൽ ആരാണെന്നും വെളിപ്പെടുത്താമോ;

(സി) സർക്കാർ കണ്ടെത്തിയ ആഡിറ്റർ പാനലിൽ ആരൊക്കെയുണ്ടെന്നും അവരെ കണ്ടെത്തിയത് ഏത് നടപടിക്രമത്തിലൂടെയാണെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ മേൽനോട്ടത്തിനായി കരാർ കാലാവധിയിൽ ഒരു സ്വതന്ത്ര ഏജൻസിയെ (Independent Engineer) നിയമിക്കുവാൻ കൺസഷൻ കരാറിലെ ആർട്ടിക്കിൾ 23 പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. സ്വതന്ത്ര ഏജൻസി നിർമ്മാണ കാലയളവിലും നടത്തിപ്പ കാലയളവിലും മേൽനോട്ടം നിർവ്വഹിക്കുന്നതാണ്. അവരുടെ മേൽനോട്ടത്തിന്റെ വിശദമായ Terms & Reference കരാറിലെ ഷെഡ്യൂൾ P-യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആർട്ടിക്കിൾ 23-ഉം Schedule P-യും അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഇൻഡിപെൻഡന്റ് എഞ്ചിനീയറെ (സ്വതന്ത്ര ഏജൻസിയെ) നിയമിക്കാനുള്ള ടെണ്ടർ 2015 സെപ്റ്റംബർ 21-ന് വിഴിഞ്ഞം ഇന്റർനാഷണൽ സീ പോർട്ട് ലിമിറ്റഡ് വിജ്ഞാപനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ സ്വതന്ത്ര ഏജൻസിയെ നിയമിക്കാനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിവരുന്നു. കരാറിൽ നിഷ്കർഷിച്ചിട്ടുള്ള 'ഷെഡ്യൂൾ O' പ്രകാരം കേന്ദ്ര സർക്കാർ അംഗീകിച്ച മാതൃക RFP (Request For Proposal) അവലംബിച്ച് നടത്തുന്ന ടെണ്ടർ നടപടിക്രമങ്ങൾ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പൂർത്തിയാകുന്ന മുറക്ക് സ്വതന്ത്ര ഏജൻസിയെ നിയമിക്കുന്നതാണ്. ടെണ്ടർ നടപടികൾ പൂർത്തിയാക്കുന്നതുവരെയുള്ള കാലയളവിലേയ്ക്കായി തുറമുഖ വിദഗ്ദ്ധരും വിഴിഞ്ഞം തുറമുഖ കമ്പനിയുടെ സാങ്കേതിക ഉപദേഷ്ടാക്കളുമായ ശ്രീ. ശശികുമാറും ശ്രീ. അബ്ദുൾ റഹിമും സ്വതന്ത്ര ഏജൻസിയുടെ ചുമതലകൾ കരാറിലെ വ്യവസ്ഥ 23.7 പ്രകാരം വഹിക്കുന്നതാണ്.

കരാറിലെ ആർട്ടിക്കിൾ 23.3 പ്രകാരം സ്വതന്ത്ര ഏജൻസിക്കുള്ള ഫീസ് നൽകുന്നത് സംസ്ഥാന സർക്കാർ ആയിരിക്കും. പ്രസ്തുത ഫീസിന്റെ 50 ശതമാനം കൺസഷനയർ (അദാനി പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ്) സംസ്ഥാന സർക്കാരിന് നൽകുന്നതാണ്.

(സി) ഓഡിറ്റർമാരുടെ പാനൽ തയ്യാറാക്കുന്നതിന് 16-09-2015-ൽ കൂടിയ Project Implementation Committee വിഴിഞ്ഞം ഇന്റർനാഷണൽ സീ പോർട്ട് ലിമിറ്റഡിനെ ചുമതലപ്പെടുത്തുകയും വിഴിഞ്ഞം ഇന്റർനാഷണൽ സീ പോർട്ട് ലിമിറ്റഡ് താഴെപ്പറയുന്ന ചാർട്ടേർഡ് അക്കൗണ്ടന്റ് ഫേമുകളുടെ യോഗ്യതാ ലിസ്റ്റ് തയ്യാറാക്കുകയും ചെയ്തു:

1. എസ്.ആർ.ബി.സി. & കോ. എൽ.എൽ.പി., അഹമ്മദാബാദ്
2. വർമ്മ & വർമ്മ, തിരുവനന്തപുരം
3. ഗ്യാനേന്തർ & അസോസിയേറ്റ്സ്, ന്യൂഡൽഹി
4. എം.കെ.പി.എസ് & അസോസിയേറ്റ്സ്, ബാംഗ്ലൂർ
5. ശ്രീധർ & കോ., തിരുവനന്തപുരം.

യോഗ്യത നേടിയ ടി ഫേമുകളുടെ പട്ടിക എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടി സമർപ്പിച്ചതിനുശേഷം മാത്രമേ സർക്കാർ അംഗീകാരം നൽകുകയുള്ളൂ.

ഓഡിറ്റർമാരുടെ പാനൽ തയ്യാറാക്കുന്നതിന് താഴെപ്പറയുന്ന നടപടി ക്രമങ്ങളാണ് സ്വീകരിച്ചത്:

1. പ്രോജക്ട് ഇംപ്ലിമെന്റേഷൻ കമ്മിറ്റി പാനൽ തയ്യാറാക്കുന്നതിനുള്ള നടപടികൾക്കായി VISL-നെ ചുമതലപ്പെടുത്തി. ഇത് കമ്പനിയുടെ ബോർഡും അംഗീകരിച്ചിട്ടുണ്ട്.
2. VISL ഈ നടപടികൾ കൺസഷൻ കരാറിന്റെ ആർട്ടിക്കിൾ 34 ഉം Schedule T യും പ്രകാരമാണ് പൂർത്തിയാക്കിയത്.

GPM. 2/237/2020-95

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

3. പാനൽ തയ്യാറാക്കുന്നത് സംബന്ധിച്ച് മലയാള മനോരമ, മാതൃഭൂമി, ദി ഹിന്ദു, ഇക്കണോമിക് ടൈംസ് എന്നീ പത്രങ്ങളിൽ പരസ്യം നൽകുകയുണ്ടായി. ഇതോടൊപ്പം തന്നെ ഇതുമായി ബന്ധപ്പെട്ട ടേംസ് ഓഫ് റഫറൻസും അപേക്ഷയും കമ്പനിയുടെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തി. കൂടാതെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേർഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യയുടെ കേരളം, തമിഴ്നാട്, കർണ്ണാടകം എന്നീ സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന ഓഫീസുകളിലേയ്ക്ക് അതതു സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന എല്ലാ ചാർട്ടേർഡ് അക്കൗണ്ടന്റ് ഫേമുകളെ അറിയിക്കുന്നതിനായി അയച്ചുകൊടുത്തു. (ഈ മൂന്നു സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന ഫേമുകളെ മാത്രമേ പാനലിൽ ഉൾപ്പെടുത്തുകയുള്ളൂ.)

4. ചാർട്ടേർഡ് അക്കൗണ്ടന്റുമാർ ഇതു സംബന്ധിച്ച് ഉന്നയിച്ച ചോദ്യങ്ങൾക്കുള്ള മറുപടി വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തി.

5. പാനൽ തയ്യാറാക്കുന്നതിന് താഴെപ്പറയുന്ന യോഗ്യതയാണ് കൺസഷൻ കരാറിൽ നിശ്ചയിച്ചിരുന്നത്.

(a) ഫേമുകൾക്ക് 10 വർഷം വീതം പ്രവൃത്തി പരിചയമുള്ള 5 ചാർട്ടേർഡ് അക്കൗണ്ടന്റുമാരുണ്ടായിരിക്കണം.

(b) 100 കമ്പനി ഓഡിറ്റുകൾ ചെയ്തിരിക്കണം. അവയിൽ 10 എണ്ണമെങ്കിലും പൊതു മേഖലാ കമ്പനികളായിരിക്കണം.

(c) ഫേമിന് കേരളത്തിലോ തമിഴ്നാട്ടിലോ കർണ്ണാടകത്തിലോ ഓഫീസുണ്ടായിരിക്കുകയും രണ്ടു ചാർട്ടേർഡ് അക്കൗണ്ടന്റുമാരെങ്കിലും ഈ സംസ്ഥാനത്തെ ഓഫീസുകളിൽ ഉണ്ടായിരിക്കണം.

6. അപേക്ഷകർക്ക് തങ്ങൾ ഓഡിറ്റ് ചെയ്ത കമ്പനികളുടെ തൊട്ടുമുന്നിലത്തെ 5 വർഷത്തെ വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് റാങ്ക് നിശ്ചയിക്കപ്പെടുന്നത്. ഓരോ 100 കോടി വിറ്റുവരവുള്ള ഓഡിറ്റുകൾക്കും ഒരു പോയിന്റ് വീതം നൽകുകയും ആദ്യം റാങ്ക് ചെയ്യുന്ന 5 ഫേമുകളാണ് പാനലിൽ വന്നിട്ടുള്ളത്.